**ദനഹാക്കാലം ഒന്നാം ഞായർ**

**യോഹ 1:43-51**

## പീലിപ്പോസും നഥാനയേലും നല്കുന്ന ക്രിസ്തുശിഷ്യത്വ ദർശനം

**ഡോ. ബിൻസി തുമ്പാനത്ത് സി.എം.സി.**

വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിന്റെ ദൈവശാസ്ത്രസ്വഭാവം എന്താണ് എന്ന് സുവിശേഷകൻ തന്നെ വ്യക്തമാക്കുന്നുണ്ട്: 'ഇവ തന്നെയും എഴുതപ്പെട്ടിരിക്കുന്നത് യേശു ദൈവപുത്രനായ ക്രിസ്തു ആണെന്ന് നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം നിങ്ങൾക്ക് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാകുന്നതിനും വേണ്ടിയാണ്' (യോഹ. 20:30-31). ഈ ദൈവശാസ്ത്രപരത വെളിവാക്കുന്ന ഒരു വചനഭാഗം ആണ് യോഹ 1:43-51.

ഇവിടെ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന യേശുവും പീലിപ്പോസും (1:43), പീലിപ്പോസും നഥാനയേലും (1:45-46), യേശുവും നഥാനയേലും (1:47-51), തമ്മിലുള്ള സംഭാഷണവും കൂടിക്കാഴ്ചയും അവയുടെ ഹൃദ്യത കൊണ്ടും പ്രതീകാത്മക അവതരണങ്ങൾ കൊണ്ടും ശിഷ്യത്വം, യേശുവിന്റെ ദൈവികമായ അനന്യത, തുടങ്ങിയ വിവിധ പ്രമേയങ്ങളിലേക്ക് അനുവാചകരെ നയിക്കുന്നുണ്ട്. പ്രാധാന്യമർഹിക്കുന്ന രീതിയിൽ ശിഷ്യത്വത്തെക്കുറിച്ചുള്ള സമ്യക്കായ ഒരു അവതരണം ഈ വചനഭാഗത്ത് അടങ്ങിയിരിക്കുന്നു. ആദ്യമായി, വളരെ ചുരുങ്ങിയ വാക്കുകളിൽ എന്നാൽ ശക്തമായ രീതിയിൽ പീലിപ്പോസിന്റെ വിളിയും, രണ്ടാമതായി, കുറച്ചുകൂടി വർണ്ണനയോടെ നഥാനയേലിന്റെ തെരഞ്ഞെടുപ്പും സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നു.

'പീലിപ്പോസിനെ കണ്ടപ്പോൾ യേശു അവനോട് പറഞ്ഞു. എന്നെ അനുഗമിക്കുക' (1:43). വിശുദ്ധ യോഹന്നാന്റെ സുവിശേഷത്തിൽ 'എന്നെ അനുഗമിക്കുക' എന്ന നിർദ്ദേശത്താൽ യേശു നേരിട്ട് ശിഷ്യത്വത്തിലേക്ക് പ്രവേശിപ്പിക്കുന്നത് പീലിപ്പോസിനെ മാത്രമാണ്. എന്നാൽ സമാന്തര സുവിശേഷങ്ങളിൽ ശിഷ്യത്വത്തെപറ്റി പ്രതിപാദിക്കുന്ന പലയിടങ്ങളിലും 'എന്നെ അനുഗമിക്കുക' എന്ന പദപ്രയോഗം കാണാവുന്നതാണ്. യേശുവിന്റെ വിളിയ്ക്ക് പീലിപ്പോസ് നൽകുന്ന ക്രിയാത്മകമായ പ്രത്യുത്തരവും സുവിശേഷത്തിലെ അവതരണമനുസരിച്ച് ശ്രദ്ധേയമാണ്. യേശുവിനെ അനുഗമിക്കുന്ന പീലിപ്പോസ് ഉടനെ തന്നെ യേശുവിനെ നഥാനയേലിനു മുമ്പിൽ അവതരിപ്പിക്കുന്നു. ശ്രദ്ധേയമായ ആ അവതരണമാണ് നഥാനയേലിന്റെ ശിഷ്യത്വത്തിന് കാരണമാകുന്നത്: 'നിയമത്തിൽ മോശയും അതുപോലെ പ്രവാചകരും ആരെപറ്റി എഴുതിയിരിക്കുന്നുവോ അവനെ ജോസഫിന്റെ മകൻ, നസ്രത്തിൽ നിന്നുള്ള യേശുവിനെ ഞങ്ങൾ കണ്ടു' (1:45). യേശുവിനെ പഴയനിയമ പ്രവചനങ്ങളുടെ കാതലും പൂർത്തീകരണവുമായി അവതരിപ്പിക്കുന്നതിലൂടെ പീലിപ്പോസിന്റെ ക്രിസ്തു ദർശനം ഇവിടെ വ്യക്തമാകുന്നു. അതേ സമയം തന്നെ, അത് സ്ഥലകാല സാഹചര്യങ്ങളോട് ബന്ധപ്പെടുത്തി ജോസഫിന്റെ മകനായും, നസ്രത്തിൽ നിന്നുള്ളവനായും അവതരിപ്പിക്കുകയും ചെയ്തു. ആദിമസഭയിൽ പ്രബലമായി നിലനിന്നിരുന്ന മിശിഹായെക്കുറിച്ചുള്ള കാഴ്ചപ്പാടുകളാണ് പീലിപ്പോസിന്റെ ഈ അവതരണത്തിൽ തെളിഞ്ഞുനിൽക്കുന്നത്. മാത്രവുമല്ല, ക്രിസ്തുവിന്റെ വിളി സ്വീകരിക്കുന്ന ഒരു ശിഷ്യന്റെ പ്രഘോഷണസാക്ഷ്യദൗത്യം പീലിപ്പോസ് മനോഹരമായി പ്രതിനിധാനം ചെയ്യുന്നുമുണ്ട്. നഥാനയേലിന്റെ നിഷേധാത്മകവാക്കുകൾക്ക് പീലിപ്പോസ് നല്കുന്ന മറുപടിയിലൂടെ 1:46-ൽ അത് കൂടുതൽ വ്യക്തമാകുന്നുണ്ട്: 'വന്നു കാണുക.' യേശുവിനെ കുറിച്ച് പങ്കുവയ്ക്കാനും (1:45), യേശുവിലേക്ക് ക്ഷണിക്കാനും (1:46) പീലിപ്പോസ് ശ്രമിക്കുന്നതിലൂടെ, തന്നെ അനുഗമിക്കാനുള്ള (1:43) ക്രിസ്തുവിന്റെ ആഹ്വാനത്തോട് പ്രതികരിക്കുന്ന, അതിലൂടെ ശിഷ്യത്വത്തിന്റെ ധർമ്മങ്ങളനുഷ്ഠിക്കുന്ന ഒരു സവിശേഷമാതൃക അനാവരണം ചെയ്യപ്പെടുകയാണ്.

സമാന്തര സുവിശേഷങ്ങളിൽ പ്രതിപാദിക്കപ്പെട്ടിട്ടില്ലാത്തതും എന്നാൽ യോഹന്നാന്റെ സുവിശേഷത്തിൽ വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്ന വ്യക്തിയാണ് നഥാനയേൽ. ക്രിസ്തുവിനെക്കുറിച്ചുള്ള പീലിപ്പോസിന്റെ പ്രഘോഷണത്തോടുള്ള നഥാനയേലിന്റെ ആദ്യപ്രതികരണത്തിന്റെ വാക്കുകൾ നിഷേധാത്മകമായിരുന്നു: 'നസ്രത്തിൽ നിന്ന് എന്തെങ്കിലും നന്മയുണ്ടാകുമോ?' (1:45). പഴയനിയമ ഗ്രന്ഥങ്ങളിലോ ആദ്യകാല റബ്ബി നീക രചനകളിലോ നസ്രത്തെന്ന ഗ്രാമത്തെക്കുറിച്ച് പരാമർശങ്ങൾ ഒന്നുമില്ലാത്തതാകാം നഥാനയേലിന്റെ ഈ ചോദ്യത്തിന്റെ കാരണം. എങ്കിലും 'വന്ന് കാണുക' എന്നുള്ള പീലിപ്പോസിന്റെ ആഹ്വാനത്തോട് ഭാവാത്മകമായി പ്രതികരിക്കാൻ, യേശുവിന്റെ അടുത്തേക്കു പോകാൻ (1:47), അദ്ദേഹം തയ്യാറായി.

കാപട്യമില്ലാത്ത ഒരു യഥാർത്ഥ ഇസ്രായേൽക്കാരൻ എന്നാണ് യേശു നഥാനയേലിനെ വിശേഷിപ്പിക്കുന്നത് (1:47). ഈ പ്രസ്താവന പഴയനിയമവുമായി ബന്ധപ്പെട്ടു കിടക്കുന്നു. പഴയനിയമത്തിലെ യാക്കോബിന് ദൈവം നല്കിയ നാമമാണ് ഇസ്രായേൽ (ഉത്പ. 32:28). പക്ഷേ, യാക്കോബിന് കാപ ്യം ഉണ്ടായിരുന്നു, അന്ധനായ സ്വന്തം പിതാവിന്റെ അടുക്കൽ സ്വസഹോദരനായ ഏസാവായുള്ള അഭിനയത്തിലാണ് യാക്കോബ് കാപട്യം നിറഞ്ഞവ നാകുന്നത് (ഉൽപ. 27:18–29). എന്നാൽ, ഇവിടെ യാക്കോബിന്റെ കാപട്യമില്ലാത്തവനും നല്ലവനുമായ പിൻതലമുറക്കാരൻ എന്ന അർത്ഥത്തിലായിരിക്കും നിഷ്കപടനായ ഇസ്രായേൽക്കാരനെന്ന വിശേഷണം യേശു നഥാനയേലിന് നല്കുന്നത്.

തന്നെ എങ്ങനെ അറിയുന്നു എന്നുള്ള നഥാനയേലിന്റെ ചോദ്യത്തിനുള്ള യേശുവിന്റെ ഉത്തരവും – 'അത്തിമരത്തിന്റെ ചുവട്ടിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു' (1:48) – പ്രതീകാത്മകമാണ്. യഹൂദന്മാർ അത്തിമരത്തിന്റെ ചുവട്ടിലിരുന്നു തോറാ പഠിച്ചിരുന്നു എന്ന പാരമ്പര്യം ഇവിടെ വെളിവാകുന്നുണ്ട്. നിയമങ്ങളും പ്രവചനങ്ങളും പഠിക്കുകയും രക്ഷകനെ പ്രതീക്ഷിച്ചിരിക്കുകയും ചെയ്യുന്ന ഒരാളോടെന്ന നിലയിലായിരിക്കണം പീലിപ്പോസ് 'നിയമത്തിൽ മോശയും അതുപോലെ പ്രവാചകരും ആരെപറ്റി എഴുതിയിരിക്കുന്നുവോ അവനെ ഞങ്ങൾ കണ്ടു' എന്ന് പറഞ്ഞത്. നിയമങ്ങളും പ്രവചനങ്ങളും അറിയുകയും ധ്യാനിക്കുകയും ചെയ്യുന്ന ഒരാളെന്ന നിലയിൽ തന്നെയാണ് യേശുവും നഥാനയേലിനെ കാണുന്നത്. തന്റെ സാത്വികജീവിതം യേശു തിരിച്ചറിഞ്ഞു എന്ന് മനസ്സിലാക്കിക്കൊണ്ടാണ് (1:50) 'റബ്ബി' എന്ന് അഭിസംബോധന ചെയ്തുകൊണ്ട് നഥാനയേൽ യേശുവിന് രണ്ട് വിശേ ഷണങ്ങൾ നല്കുന്നത്: (1) ദൈവപുത്രൻ, (2) ഇസ്രായേലിന്റെ രാജാവ്. പീലിപ്പോസ് യേശുവിനെ പരിചയപ്പെടുത്താൻ യേശുവിന്റെ ദൈവികതയും (പ്രവചനങ്ങളുടെ കാതൽ) മാനുഷികതയും (നസ്രത്തിലെ ജോസഫിന്റെ മകൻ) ഉപയോഗിച്ചതുപോലെ ഇവിടെ നഥാനയേൽ യേശുവിനെ വിശേഷിപ്പിക്കാൻ ദൈവികതലവും (ദൈവപുത്രനാണ്), ലൗകികതലവും (ഇസ്രായേലിന്റെ രാജാവാണ്) ഉപയോഗിക്കുകയാണ്. ഇസ്രായേലിൽ ഈ രണ്ടു അധി കാരപദവികളും തമ്മിൽ അടുത്ത ബന്ധമുണ്ടായിരുന്നു. രാജാവായ ദാവീദും പിൻഗാമികളും യാഹ്‌വേയുടെ പിൻഗാമികളായിട്ടാണ് വിശേഷിപ്പിക്കപ്പെട്ടിരുന്നത് (സങ്കീ. 2:7; 89:26). അത്തിമരച്ചുവട്ടിലെ നിരന്തര സാധനയും ധ്യാനവുമാണ് (വിശുദ്ധഗ്രന്ഥങ്ങളുടെ പഠനം) ഈ തിരിച്ചറിവിലേക്ക് നഥാനയേലിനെ നയിച്ചത് എന്നുള്ളത് ശ്രദ്ധേയമാണ്. നഥാനയേൽ യേശുവിനെ അനുധാവനം ചെയ്യുന്നതായി ഈ പ്രഖ്യാപനത്തിലൂടെ അനുമാനിക്കാം.

യേശു യഥാർത്ഥത്തിൽ ആരാണ് എന്ന് മനസ്സിലാക്കുന്നിടത്താണ് ശിഷ്യത്വത്തിന്റെ പൂർണ്ണത എന്ന് വ്യക്തമാക്കിക്കൊണ്ടാണ് ഈ സുവിശേഷഭാഗം സമാപിക്കുന്നത്. ഉന്നതമായ ദർശനങ്ങളിലേക്കുള്ള വളർച്ചയാണ് അത്. യേശു ആരാണ് എന്ന് തിരിച്ചറിയുന്നതു മാത്രമല്ല, യേശുവിനെ അനുഭവിക്കുന്നതുകൂടിയാണ് ശിഷ്യത്വമെന്ന ഉൾക്കാഴ്ച പീലിപ്പോസിന്റെയും നഥാനയേലിന്റെയും യേശുവുമായുള്ള കണ്ടുമുട്ടൽ നിസ്സംശയം പ്രദാനം ചെയ്യുന്നുണ്ട്. അങ്ങനെ യോഹന്നാന്റെ സുവിശേഷത്തിന്റെ ദൈവശാസ്ത്രസ്വഭാവം, യേശു ആരാണ് എന്ന തിരിച്ചറിവ്, അനുവാചകർക്ക് വെളിപ്പെടുത്തുന്ന ഒരു വചനഭാഗമായി ഇത് മാറുന്നു.